ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ ഏ. ആർ. മേനോൻ):

(എ) 3 സാനിട്ടോറിയം.

1. മുട്ടകുന്നത്തുകാവ്
2. പരിയാരം
3. പുലയനാർകോട്ട

(ബി) പുലയനാർകോട്ടയിലും മുട്ടകുന്നത്തുകാവിലും ക്ലേശി 1338 പേരെ കിടത്തി ചികിത്സിച്ചിട്ടുണ്ട്. പരിയാരത്തെ കണക്ക ശേഖരിച്ചിട്ടില്ല. ഏകദേശം 500 ഉണ്ട്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: രോഗം ബാധിച്ചവർ വളരെയധികം ഉള്ളതുകൊണ്ട് എല്ലാ ആശുപത്രികളിലും റേഡി. ബി. പേഷ്യൻറ്സിനെ കിടത്തി ചികിത്സിക്കാൻ പ്രത്യേകം വാർഡുകളും കെട്ടി ചികിത്സാ സൗകര്യം ഉണ്ടാക്കാൻ പോകുന്നുവെന്നു പറയുന്നതു ശരിയാണോ?

ഡാക്ടർ ഏ. ആർ. മേനോൻ: അതിനുള്ള ശ്രമങ്ങൾ ചെയ്യുന്നുണ്ട്. എല്ലാ ആശുപത്രികളിലും ഡാക്ടറന്മാർ കുറവാണ്. ഡാക്ടറന്മാരെ ടെയിനിംഗിനു് എടുത്തിട്ടുണ്ട്. ഇതു കൊല്ലം അവസാനം ഏകദേശം എല്ലാ ഡിസ്ട്രിക്ട് ഹെഡ് കോർട്ടേഴ്സിലെ ആശുപത്രികളിലും ചികിത്സിക്കാനുള്ള സൗകര്യമുണ്ടാകുമെന്നു കരുതുന്നു.

ശ്രീ. പി. ടി. ചാക്കോ: ഡാക്ടറന്മാരുടെ കുറവിനേക്കാളും ക്ഷയരോഗം ശ്രദ്ധയിൽ മരുന്നിന്റെ അഭാവമാണ് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്നു് ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ: ബോദ്ധ്യപ്പെട്ടിട്ടില്ല. ചോദ്യം ചോദിച്ചതുപോലെതന്നെ ഇതിനേപ്പറ്റി അനേഷിച്ചാലും മരുന്നു അധികമുണ്ടെന്നു ബോദ്ധ്യമാകും. അതു തെളിയിക്കാനും കഴിയും. ചിലമരുന്നുകളും ചിലപ്പോൾ ചില ആശുപത്രികളിൽ കുറവായി കണ്ടേക്കാം. പൊതുവിൽ എല്ലാ ആശുപത്രികളിലും മരുന്നു ആവശ്യത്തിനുണ്ട്.

ശ്രീ. പി. ടി. ചാക്കോ: മരുന്നുണ്ടെന്നു തെളിയിക്കാൻ കഴിയുമായിരിക്കും. പക്ഷേ ചിറ്റഴത്തുകൊടുക്കുന്ന സമ്പ്രദായമുണ്ടെന്നു് അറിയാമോ?

ഡാക്ടർ ഏർ. ആർ. മേനോൻ: മെമ്പർ പറഞ്ഞതു ശരിയാണു്. അറിയാം. ആർഡർ ഇഷ്യൂ ചെയ്തിട്ടുണ്ട്. മരുന്നില്ലെങ്കിൽ ഇല്ലെന്നു പറഞ്ഞു് അയച്ചേക്കണം. കുറിച്ചു കൊടുക്കരുതെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഭക്ഷണസാധനങ്ങളും വളരെയധികം കുറച്ചിട്ടുള്ളതായി അറിയാമോ; പോഷകാവശ്യത്തിനുവേണ്ട മുട്ട, ഇറച്ചി മുതലായവ.

ഡാക്ടർ ഏ. ആർ. മേനോൻ: കുറച്ചിട്ടില്ല. കൂട്ടിയിട്ടുണ്ട്. ഒരു മാസത്തിൽ 35 കി. വീതം ഭക്ഷണത്തിനു കൊടുക്കുന്നുണ്ട്.

റിസ്ക് അലവൻസു്.

* 1550. [9] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു ടി. ബി., ലെപ്രസി, എക്സ്-റേ, റേഡിയം എന്നീ സ്പെഷ്യൽ ഡിപ്പാർട്ടുമെൻറുകളിൽ പ്രവർത്തിക്കുന്ന ഡാക്ടർമാക്കും നേഴ്സുമാക്കും റിസ്ക് അലവൻസു് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തോതിലാണു് അനുവദിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം അലവൻസ് മലബാർ പ്രദേശത്തു പ്രവർത്തിക്കുന്നവർക്ക് കിട്ടിവരുന്നില്ലെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(ഇ) ഇവർക്കുടി കഴിയുന്നത്രയും വേഗത്തിൽ അതു കിട്ടുമാറാക്കുന്നതിനു ഗവണ്മെൻറ് വേണ്ട നടപടിയെടുക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഉണ്ട്.

(ബി) അസിസ്റ്റൻറ് സർജൻമാർക്ക് പ്രതിമാസം അൻപതു രൂപയും, നേഴ്സസിനു ഇരുപതു രൂപയും.

(സി) ഉണ്ട്.

(ഡി-ഇ) മലബാർ പ്രദേശത്തു് ഈ അലവൻസു് മുൻപുണ്ടായിരുന്നില്ല. അവർക്കുടി ഈ അലവൻസു കൊടുക്കുന്നതിനെപ്പറ്റി ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കറുപ്പു്: മലബാർ പ്രദേശത്തുള്ള നേഴ്സസിനു് മദിരാശി ഗവണ്മെൻറ് അനുവദിച്ചിരുന്ന ചില അലവൻസുകളും ഇപ്പോൾ അനുവദിക്കുന്നില്ലെന്നും, അതു ഉടനെ അനുവദിക്കുന്നതിനു വേണ്ട നടപടി എടുക്കാമെന്നും ഇവിടെ പറഞ്ഞിരുന്നു. അതിന്മേൽ വല്ല കല്പനയും ആയിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: കഴിയുന്നത്രയും വേഗം അതിനെപ്പറ്റി വേണ്ടതു ചെയ്യാം.

ശ്രീ. കെ. കുഞ്ഞമ്പു: പരിയാരം ആശുപത്രിയിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം ശരിയായിട്ടു കിട്ടുന്നില്ലെന്നുള്ള പരാതിയുള്ളതായി അറിയാമോ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

വൻകിട ജലസേചനപദ്ധതികൾ.

*1551. [11] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സ്റ്റേറ്റിൽ ഏതെങ്കിലും വൻകിട ജലസേചനപദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാഞ്ഞിരപ്പുഴ സ്കീം ഈ സാമ്പത്തികവർഷത്തിൽ തുടങ്ങാൻ സാധ്യതയുണ്ടോ;

(സി) റീ ഇൻവെസ്റ്റിഗേഷനുശേഷം പ്രസ്തുത പദ്ധതികൊണ്ടു് വെള്ളമെത്താവുന്ന സ്ഥലം ഏതുയാണെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) വൻകിടജലസേചനപദ്ധതിയുടെ പ്രവർത്തനത്തിലും ത്വരിതഗതിയിൽ സഫലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) തുടങ്ങണമെന്നാഗ്രഹമുണ്ടു്.

(ബി) കേന്ദ്രഗവണ്മെൻറ് ഇനിയും അനുമതി നൽകിയിട്ടില്ല. കേന്ദ്രത്തെ ഉടനടി സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അനുമതി നൽകിയാൽ ഈ സാമ്പത്തികവർഷത്തിൽതന്നെ തുടങ്ങാൻ ആലോചിക്കുന്നുണ്ടു്.

(സി) ശരിയായി കണക്കാക്കിയിട്ടില്ല; ഏകദേശം ഇരുപതിനായിരം ഏക്കർ സ്ഥലത്തെ കൃഷിക്കു് ഉപയോഗിക്കാൻ സാധിക്കുമെന്നു തോന്നുന്നു.

(ഡി) ഉദ്ദേശിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly